പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 929 07-02-2013-ൽ മറുപടിക്ക്

നേമം ജഡ്ജിക്കുന്ന് ശുദ്ധജലവിതരണ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി. | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) നേമം നിയോജക മണ്ഡലത്തിലെ പുഞ്ചക്കരി, പൂങ്കുളം, തിരുവല്ലം, വെള്ളാർ വാർഡുകളിലെ കുടിവെള്ള വിതരണത്തിനായി നിർമ്മിച്ച ജഡ്ജിക്കുന്ന് ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്യാനുണ്ടായ കാലതാമസം വിശദമാക്കുമോ: | (എ) റോഡ് പുനർനിർമ്മിക്കുന്നതിനാവശ്യമായ തുക യഥാസമയം ലഭ്യമാകാഞ്ഞതിനാൽ ജഡ്ജിക്കുന്ന് ശുദ്ധജലവിതരണ പദ്ധതിയുടെ പണികൾ തീർക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നാൽ തിരുവല്ലം, പുഞ്ചക്കരി വാർഡുകളിൽ ഭാഗികമായി കുടിവെള്ള വിതരണം നടത്തുന്നതിനാവശ്യമായ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>കോർപ്പറേഷന്റെ ഡെപ്പോസിറ്റ് വർക്കായ കല്ലടിച്ചാംമൂല ജലസംഭരണിയുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. അനുമതി ലഭിച്ചാലുടൻ തന്നെ പണികൾ ആരംഭിക്കുന്നതാണ്. പ്രസ്തുത നിർമ്മാണം പൂർത്തിയായാൽ പുഞ്ചക്കരി, പൂങ്കുളം, തിരുവല്ലം, വെള്ളാർ വാർഡുകളിൽ പൂർണ്ണമായി കുടിവെള്ള വിതരണം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനായി സർക്കാർ ചുമതലയേൽപ്പിച്ചിരിക്കുന്ന ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ജഡ്ജിക്കുന്ന് ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണത്തിനായി കേരള വാട്ടർ അതോറിറ്റിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യും എന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതി 6 മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ